# പാലാ നഗരസഭ

# പൗരാവകാശരേഖ



# പാലാ നഗരസഭ

# പൗരാവകാശരേഖ

## പ്രഖ്യാപനം

**(1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം 563 (എ) വകുപ്പ് പ്രകാരം പ്രസിദ്ധീകരിക്കുന്നത്)**

ഈ രേഖയിൽ പറയുന്ന സേവനങ്ങളും സഹായങ്ങളും അർഹതപ്പെട്ടവർക്ക് സമയബന്ധിതമായി ലഭ്യമാക്കുമെന്ന് ഇതിനാൽ പ്രഖ്യാപിക്കുന്നു.

ഇതിൽ പറയുന്ന ഏതെങ്കിലും സേവനങ്ങൾ യഥാസമയം ലഭിക്കാതെ വന്നാൽ അക്കാര്യം കാണിച്ച് നഗരസഭാ ചെയർപേഴ്സൺ മുമ്പാകെ പരാതി സമർപ്പിക്കാവുന്നതും അതിന് ശേഷവും പരിഹരിക്കപ്പെടുന്നില്ല എങ്കിൽ പ്രശ്നപരിഹാരത്തിനായി ബഹു. ഓംബുഡ്സ്മാനെ സമീപിക്കാവുന്നതുമാണ്.

എന്നാൽ ഈ രേഖയിൽ പറയുന്ന ക്ഷേമപദ്ധതികൾ സർക്കാരിന്റെ കാലാകാലങ്ങളിലുള്ള നിയന്ത്രണങ്ങൾക്കും സാമ്പത്തിക ലഭ്യതയ്ക്കും വിധേയമായിട്ടായിരിക്കും നടപ്പിലാക്കുക.

| | |
|---|---|
| (ഒപ്പ്) | (ഒപ്പ്) |
| സെക്രട്ടറി | ചെയർപേഴ്സൺ |



പ്രിയ സുഹൃത്തെ,

പാലാ നഗരസഭ വികസന കുതിപ്പിലാണ്. സാമൂഹിക-സാംസ്കാരിക-പശ്ചാത്തല മേഖലകളിൽ നഗരസഭ മാതൃകയാവുകയാണ്. നഗരസഭയിലെ ജനങ്ങൾക്ക് പരമാവധി സേവനം വേഗത്തിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പൗരാവകാശ രേഖ പരിഷ്കരിച്ച് പുറത്തിറക്കുന്നത്.

പൗരജനങ്ങൾക്ക് സേവനങ്ങൾ നഗരസഭയിൽ നിന്നും ലഭ്യമാക്കാൻ ആവശ്യമായ വിവരങ്ങളെല്ലാം ഉൾക്കൊള്ളിച്ചു കൊണ്ടാണ് പുതുക്കിയ പൗരാവകാശ രേഖ പ്രസിദ്ധപ്പെടുത്തുന്നത്.

തികച്ചും സൗജന്യമായി ലഭ്യമാകുന്ന ഈ പൗരാവകാശ രേഖ പാലായിലെ ജനങ്ങൾക്ക് പ്രയോജനപ്രദമാകട്ടെ എന്ന് ആശംസിക്കുന്നു.

എന്ന്,

(ഒപ്പ്)

ബിജി ജോജോ കുടക്കച്ചിറ

ചെയർപേഴ്സൺ

പാലാ നഗരസഭ

പാലാ,

25-10-2019.

## പാലാ നഗരസഭ (പൊതുവിവരങ്ങൾ)

| | | |
|---|---|---|
| പേര് | - | പാലാ നഗരസഭ |
| ഗ്രേഡ് | - | 1 |
| ഉൾപ്പെടുന്ന റവന്യൂ വില്ലേജുകൾ | - | പുലിയന്നൂർ, ളാലം, മീനച്ചിൽ |
| താലൂക്ക് | - | മീനച്ചിൽ |
| പാർലമെന്റ് മണ്ഡലം | - | കോട്ടയം |
| പാർലമെന്റ് അംഗം | - | ശ്രീ തോമസ് ചാഴികാടൻ |
| അസംബ്ലി മണ്ഡലം | - | പാലാ |
| നിയമസഭ അംഗം | - | ശ്രീ മാണി സി. കാപ്പൻ |
| **അതിരുകൾ** | | |
| കിഴക്ക് | - | ഭരണങ്ങാനം പഞ്ചായത്ത്, മീനച്ചിൽ പഞ്ചായത്ത് |
| പടിഞ്ഞാറ് | - | പുലിയന്നൂർ തോട്, മുത്തോലി പഞ്ചായത്ത് |
| തെക്ക് | - | മീനച്ചിൽ പഞ്ചായത്ത്, മീനച്ചിൽ ആറ് |
| വടക്ക് | - | കരൂർ പഞ്ചായത്ത് |
| വിസ്തീർണ്ണം | - | 16.063 സ്കയർ കി.മീ. |
| ജനസംഖ്യ ആകെ (2011 ലെ സെൻസസ്) | - | 22056 |
| പുരുഷന്മാർ | - | 10760 |
| സ്ത്രീകൾ | - | 11296 |
| പട്ടികജാതി വിഭാഗം | - | 539 |
| സാക്ഷരത ഉള്ളവർ | - | 96.2% |
| ആകെ വാർഡുകൾ | - | 26 |
| വനിത സംവരണ വാർഡുകൾ | - | 13 എണ്ണം |
| പട്ടികജാതി സംവരണ വാർഡ് | - | വാർഡ് 6 |
| പ്രധാന റോഡുകൾ | - | പുനലൂർ-മൂവാറ്റുപുഴ സ്റ്റേറ്റ്ഹൈവേ<br>അതിരമ്പുഴ-പൂഞ്ഞാർ സ്റ്റേറ്റ്ഹൈവേ |
| **നഗരസഭ റോഡുകൾ** | - | |
| ടാർ ചെയ്തത് | - | 112.91 കി.മീ. |
| മെറ്റൽ ചെയ്തത് | - | 5 കി.മീ. |
| എരത്തൻ റോഡ് | - | 3 കി.മീ. |

# കൗൺസിൽ

| വഹിക്കുന്ന സ്ഥാനം | പേര് |
|---|---|
| ചെയർപേഴ്സൺ | ശ്രീമതി ബിജി ജോജോ കുടക്കച്ചിറ |
| വൈസ് ചെയർമാൻ | ശ്രീ കുര്യാക്കോസ് പടവൻ |
| ധനകാര്യ സ്റ്റാ. കമ്മിറ്റി അംഗങ്ങൾ | പൊഫ. സെലിൻ റോയി തകടിയേൽ<br>ശ്രീ ടോമി തറക്കുന്നേൽ<br>ശ്രീമതി മേരി ഡൊമിനിക്<br>ശ്രീമതി സിജി പ്രസാദ് |
| വികസന കാര്യ സ്റ്റാ. കമ്മിറ്റി ചെയർപേഴ്സൺ | ശ്രീമതി ലൂസി ജോസ് |
| ,, സ്റ്റാ. കമ്മിറ്റി അംഗങ്ങൾ | 1) അഡ്വ. ബെറ്റി ഷാജു<br>2) ശ്രീ. റോയി ഫ്രാൻസീസ്<br>3) ശ്രീമതി കൊച്ചുറാണി അപ്രേം |
| ക്ഷേമകാര്യ സ്റ്റാ. കമ്മിറ്റി ചെയർമാൻ | ശ്രീ. ജോർജ്ജുകുട്ടി ചെറുവള്ളിൽ |
| ,, സ്റ്റാ. കമ്മിറ്റി അംഗങ്ങൾ | 2) ശ്രീ. പ്രസാദ് പെരുമ്പള്ളിൽ<br>3) ശ്രീമതി. മിനി പ്രിൻസ്<br>3) ശ്രീ. ടോണി തോട്ടത്തിൽ |
| ആരോഗ്യകാര്യ സ്റ്റാ. കമ്മിറ്റിചെയർപേഴ്സൺ | ശ്രീമതി സിബിൽ തോമസ് |
| ,, സ്റ്റാ. കമ്മിറ്റി അംഗങ്ങൾ | 1) ശ്രീ. മധു പാറയിൽ<br>2) ശ്രീമതി. ജിജി ജോണി<br>3) ശ്രീമതി. ഷെറിൻ തോമസ് |
| മരാമത്ത്കാര്യ സ്റ്റാ. കമ്മിറ്റി ചെയർമാൻ | പ്രൊഫ. സതീഷ് ചൊള്ളാനി |
| ,, സ്റ്റാ. കമ്മിറ്റി അംഗങ്ങൾ | 1) ശ്രീമതി. ലിസ്യൂ ജോസ്<br>2) ശ്രീമതി. ലീനാ സണ്ണി<br>3) ശ്രീ. ബിജു പാലൂപ്പടവിൽ |
| വിദ്യാഭ്യാസ-കലാകായികകാര്യ സ്റ്റാ. കമ്മിറ്റി ചെയർപേഴ്സൺ | ശ്രീമതി റാണി റോമൽ പടിഞ്ഞാറെക്കര |
| ,, സ്റ്റാ. കമ്മിറ്റി അംഗങ്ങൾ | 1) അഡ്വ. ബിനു പുളിക്കക്കണ്ടം<br>2) ശ്രീമതി സുഷമ രഘു<br>3) ശ്രീ. ജോബി വെള്ളാപ്പാണി |

# കൗൺസിലർമാർ

| വാർഡ് നം. | വാർഡിന്റെ പേര് | പേര് | ഫോൺ നമ്പർ |
|---|---|---|---|
| 1 | പരമലക്കുന്ന് | അഡ്വ. ബെറ്റി ഷാജു തുരുത്തേൽ വീട് | 9745406080 |
| 2 | മുണ്ടുപാലം | ശ്രീമതി സുഷമ്മ രഘു പോളകുളങ്ങര വീട് | 9447037619 |
| 3 | മാർക്കറ്റ് | ശ്രീമതി സിബിൽ തോമസ് വെട്ടുകല്ലേൽ വീട് | 9947051476, |
| 4 | പ്ളാത്താനം | ശ്രീ ജോർജ്ജുകുട്ടി ചെറുവള്ളിൽ, ചെറുവള്ളിൽ വീട് | 9447258525 |
| 5 | കാനാട്ടുപാറ | ശ്രീമതി ജിജി ജോണി തറപ്പേൽ വീട് | 9946856361 |
| 6 | പുലിമലക്കുന്ന് | ശ്രീ പി.കെ. മധു പാറയിൽ, പാറയിൽ വീട് | 9447709822 |
| 7 | കവീക്കുന്ന് | ശ്രീമതി കൊച്ചുറാണി അപ്രേം മുകാല, മുകാലയിൽ | 9746175683 |
| 8 | കൊച്ചിടപ്പാടി | ശ്രീ ടോണി തോട്ടത്തിൽ, മുലയിൽതോട്ടത്തിൽ വീട് | 9495149542 |
| 9 | മുന്നാനി | ശ്രീ കുര്യാക്കോസ് പടവൻ, പടവിൽ വീട് | 9447104753 |
| 10 | മൊണാസ്ട്രി | ശ്രീമതി റാണി റോമൽ പടിഞ്ഞാറെക്കര, പടിഞ്ഞാറെക്കര വീട് | 9446127114 |
| 11 | ചെത്തിമറ്റം | ശ്രീ പ്രസാദ് പെരുമ്പള്ളിൽ, പത്മവിലാസം വീട് | 9846723118 |
| 12 | കിഴതടിയൂർ | ശ്രീമതി ലൂസി ജോസ്, എടേട്ട് വീട് | 9746919272 |
| 13 | മുരിക്കുംപുഴ | അഡ്വ. ബിനു പുളിക്കക്കണ്ടം, പുളിക്കക്കണ്ടത്തിൽ വീട് | 9447111218 |
| 14 | പരിപ്പിൽക്കുന്ന് | ശ്രീ റ്റോമി ജോസഫ്, തറക്കുന്നേൽ വീട് | 9446126735 |
| 15 | പാലംപുരയിടം | ശ്രീമതി സിജി പ്രസാദ്, പരിപ്പിൽ വീട് | 9746791824 |
| 16 | കണ്ണാടിയുറുമ്പ് | ശ്രീ ജോബി വെള്ളാപ്പാണി, നെച്ചിക്കാട്ട് വെള്ളാപ്പാണിയിൽ വീട് | 9447234432 |
| 17 | പന്ത്രണ്ടാം മൈൽ | പ്രൊഫ. സെലിൻ റോയി തകടിയേൽ, തകടിയേൽ വീട് | 9447805657 |
| 18 | മുക്കാലിക്കുന്ന് | ശ്രീമതി ലിസ്യു ജോസ്, വട്ടക്കുന്നേൽ വീട് | 9447431277 |
| 19 | പാലാ | പ്രൊഫ. സതീശ് ചൊള്ളാനി, ചൊള്ളാനിക്കൽ വീട് | 9447141515 |
| 20 | ളാലം | ശ്രീമതി ബിജി ജോജോ, കുടക്കച്ചിറ വീട് | 9846344697 |
| 21 | വെള്ളാപ്പാട് | ശ്രീമതി മിനി പ്രിൻസ്, തയ്യിൽ വീട് | 9496255508 |
| 22 | അരുണാപുരം | ശ്രീമതി ഷെറിൻ തോമസ്, പുത്തേട്ട് വീട് | 9747091885 |
| 23 | കോളേജ് വാർഡ് | ശ്രീമതി മേരി ഡൊമിനിക്, വൈപ്പന (കണിയാരശ്ശേരിൽ) വീട് | 9400415963 |
| 24 | കൊട്ടാരമറ്റം | ശ്രീമതി ലീനാ സണ്ണി പുരയിടം, പുരയിടം വീട് | 9446756967 |
| 25 | നെല്ലിയാനി | ശ്രീ ബിജു പാലുപ്പടവിൽ, പാലുപ്പടവിൽ വീട് | 9846004864 |
| 26 | പുത്തൻപള്ളിക്കുന്ന് | ശ്രീ റോയി ഫ്രാൻസീസ്, വലിയചാലിൽ വീട് | 8089182144 |

| ഉദ്യോഗസ്ഥർ | അനുവദിക്കപ്പെട്ട എണ്ണം |
|---|---|
| സെക്രട്ടറി | 1 |
| മുനിസിപ്പൽ എഞ്ചിനീയർ (അസി. എക്സി. എഞ്ചിനീയർ) | 1 |
| ഹെൽത്ത് സൂപ്പർവൈസർ | 1 |
| സൂപ്രണ്ട് | 1 |
| ചീഫ് അക്കൗണ്ടന്റ് | 1 |
| റവന്യൂ ഓഫീസർ | 1 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 1 |
| ഹെൽത്ത് ഇൻസ്പെക്ടർ (ഒന്നാം ഗ്രേഡ്) | 1 |
| ഹെൽത്ത് ഇൻസ്പെക്ടർ (രണ്ടാം ഗ്രേഡ്) | 2 |
| ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ (ഒന്നാം ഗ്രേഡ്) | 2 |
| ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ (രണ്ടാം ഗ്രേഡ്) | 4 |
| ജെ.പി.എച്ച്.എൻ. | 1 |
| എച്ച്.സി/ആർ.ഐ. | 2 |
| യു.ഡി. ക്ളാർക്ക് | 10 |
| എൽ.ഡി.സി/ബി.സി | 10+2 (SN) |
| യു.ഡി. കംപെയിലർ | 1 |
| ഓവർസിയർ (ഒന്നാം ഗ്രേഡ്) | 1 |
| ഓവർസിയർ (രണ്ടാം ഗ്രേഡ്) | 1 |
| ഓവർസിയർ (മൂന്നാം ഗ്രേഡ്) | 4 |
| ലൈബ്രേറിയൻ (ഒന്നാം ഗ്രേഡ്) | 1 |
| ടൈപ്പിസ്റ്റ് | 2+2 (SN) |
| ഡ്രൈവർ | 3 |
| ഡെഫേദാർ | 1 |
| പ്യൂൺ | 10 |
| കണ്ടിജന്റ് (സ്ഥിരം) | 49 |
| ഗാർഡനർ | 1 |

## ഉദ്യോഗസ്ഥരുടെ പേരും ഫോൺ നമ്പരും

| | | |
|---|---|---|
| 1. ശ്രീ. അജു ബി. | സെക്രട്ടറി (മുനി. എഞ്ചിനീയർ ഇൻ-ചാർജ്ജ്) | 8129533057 |
| 2. ശ്രീ. പി. രാജൻ | റവന്യൂ ആഫീസർ, ഗ്രേഡ്-2 | 9446493925 |
| 3. ശ്രീ. മുകുന്ദൻ എം.കെ. | ഹെൽത്ത് സൂപ്പർവൈസർ | 9495830626 |
| 4. ശ്രീ. രാജേന്ദ്രൻ എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ | 9446239671 |
| 5. ശ്രീ. ഇ.വി. അഗസ്റ്റിൻ | സൂപ്രണ്ട് | 9995403392 |
| 6. ശ്രീ. വർഗ്ഗീസ് കുരുവിള | ചീഫ് അക്കൗണ്ടന്റ് | 9746622914 |
| 7. കുമാരി. മായ എസ്. | റവന്യൂ ഇൻസ്പെക്ടർ | 9446024051 |
| 8. ശ്രീമതി. ശാലിനി പി.എസ്. | ഹെഡ് ക്ലർക്ക്/റവന്യൂ ഇൻസ്പെക്ടർ | 9539276458 |
| 9. ശ്രീമതി. മാലതി ഒ.വി. | ഹെൽത്ത് ഇൻസ്പെക്ടർ (Gr. I) (ജനന മരണ വിവാഹ രജിസ്ട്രാർ) | 7994362299 |
| 10. ശ്രീ. നാസ്സർ സി.എ. | ഹെൽത്ത് ഇൻസ്പെക്ടർ (Gr. II) | 9495647354 |
| 11. ശ്രീ. വിശ്വം പി.എസ്. | ഹെൽത്ത് ഇൻസ്പെക്ടർ (Gr. II) | 9961397676 |
| 12. ശ്രീമതി. സിസിലി പി. | ലൈബ്രേറിയൻ | 9495228528 |
| 13. ശ്രീ. തോംസൺ ജോർജ്ജ് | സീനിയർ ക്ലാർക്ക് | 9400515448 |
| 14. ശ്രീ. ബിജോയി ജോസഫ് | ,, | 9645695789 |
| 15. ശ്രീ. രാജേഷ് സി. | ,, | 9995797250 |
| 16. ശ്രീമതി. ജ്യോതി ചെല്ലപ്പൻ | ,, | 8129839161 |
| 17. ശ്രീമതി. ലത വി.കെ. | ,, | 9947591144 |
| 18. ശ്രീമതി. ഷീജ. സി.എൻ. | ,, | 9496308077 |
| 19. ശ്രീ. ഷാജി റ്റി.ഡി. | ,, | 9495045065 |
| 20. ശ്രീമതി. മേരിമോൾ ജോൺ | ,, | 9961450915 |
| 21. ശ്രീ. രാജേഷ് കുമാർ കെ.കെ. | ,, | 9605260263 |
| 22. ശ്രീമതി. അനു സി. | ,, | 9400658670 |
| 23. ശ്രീമതി. സലിലകുമാരി കെ.എൻ. | ടൈപ്പിസ്റ്റ് (സെലക്ഷൻ ഗ്രേഡ്) | 9446091545 |
| 24. ശ്രീമതി. ജലജാമണിയമ്മ സി.കെ. | ടൈപ്പിസ്റ്റ് (,,) | 9447213710 |
| 25. ശ്രീമതി. ജെസി സെബാസ്റ്റ്യൻ | ക്ലാർക്ക് | 9446594849 |
| 26. ശ്രീ. സാബു കെ.കെ. | ക്ലാർക്ക് (S.N.) | 8281797094 |
| 27. ശ്രീമതി. സതിയമ്മ കെ.എസ്. | ക്ലാർക്ക് (S.N.) | 9446273640 |
| 28. ശ്രീ. അനസ് എം.റ്റി. | ക്ലാർക്ക് | 9745708012 |
| 29. ശ്രീ. ജ്യോതിഷ് ആർ. | ,, | 9605974006 |
| 30. കുമാരി ജയലക്ഷ്മി കെ.ആർ. | ,, | 9526659848 |
| 31. കുമാരി വിനീത ജോസഫ് | ,, | 9497289136 |
| 32. ശ്രീ. അർജുൻ ആർ. സജീവ് | ,, | 7025590139 |
| 33. ശ്രീമതി അഞ്ജു ആർ. | എൽ.ഡി.സി./ബി.സി. | 9496161870 |
| 34. കുമാരി റിയ കെ. | ,, | 7593065872 |
| 35. ശ്രീ. വിഷ്ണു പി.എ. | ,, | 9567151090 |
| 36. ശ്രീമതി അമ്പിളി കെ.എസ്. | ,, | 9496464228 |

| | | |
|---|---|---|
| 37. ശ്രീ. സന്തോഷ് കുമാർ പി. | എൽ.ഡി. ടൈപ്പിസ്റ്റ് (S.N.) | 8547362521 |
| 38. ശ്രീ. സുമോദ് കെ. ജോൺ | ” | 9946608536 |
| 39. ശ്രീമതി. ബിസ്മി റാണി എൽ.ആർ. | ജെ.എച്ച്.ഐ. (ഗ്രേഡ് 1) | 8281148327 |
| 40. ശ്രീമതി. ഉമേഷിത പി.ജി. | ജെ.എച്ച്.ഐ. (ഗ്രേഡ് 1) | 8606925338 |
| 41. ശ്രീമതി. സോണിമോൾ ഇ.പി. | ജെ.എച്ച്.ഐ. (ഗ്രേഡ് 2) | 8289800559 |
| 42. ശ്രീ. രഞ്ജിത്ത് ബി. | ജെ.എച്ച്.ഐ. (ഗ്രേഡ് 2) | 9447383743 |
| 43. ശ്രീമതി ശിവകുമാരി വി.വി. | ജെ.പി.എച്ച്.എൻ. | 9846644794 |
| 44. ശ്രീമതി. ശ്രീകല എൻ.കെ. | ഓവർസിയർ (ഗ്രേഡ് 1) | 9947111072 |
| 45. ശ്രീമതി. ലത പി. | ഓവർസിയർ (ഗ്രേഡ് 2) | 9400709762 |
| 46. ശ്രീമതി. രമ്യ ജെ.ഒ. | ഓവർസിയർ (ഗ്രേഡ് 3) | 9645738925 |
| 47. ശ്രീ. എബി ജോൺസ് | ” | 9400234482 |
| 48. ശ്രീ. രാഹുൽ ആർ | ” | 9037964671 |
| 49. ശ്രീമതി. മഞ്ജു സി. നായർ | ഓവർസിയർ | 9961633577 |
| 50. ശ്രീ ജയൻ സി.ജി. | Stat. Asst. | 9947951773 |
| 51. ശ്രീമതി. അനിഷ്യ സി.റ്റി | ടെക്നിക്കൽ ഓഫീസർ | 8547330582 |
| 52. ശ്രീ. രവി സി.പി. | ഡഫേദാർ | 9447679289 |
| 53. ശ്രീമതി. ഉഷ മോഹൻദാസ് | ഓഫീസ് അറ്റന്റന്റ് | 9947077535 |
| 54. ശ്രീമതി. സിൽബി തങ്കച്ചൻ | ” | 8714255567 |
| 55. ശ്രീമതി. പ്രീത എൻ. നായർ | ” | 9048571739 |
| 56. ശ്രീമതി. മഞ്ജു ബാലകൃഷ്ണൻ | ” | 9946176069 |
| 57. ശ്രീമതി. ജോളി എം.സി. | ” | 9847821554 |
| 58. ശ്രീമതി. സൂര്യ രാധാകൃഷ്ണൻ | ” | 9447171980 |
| 59. ശ്രീമതി. ശ്രീജാമോൾ പി.കെ. | ” | 8606134285 |
| 60. ശ്രീമതി. സ്മിത നാരായൺ | ” | 9895661836 |
| 61. ശ്രീമതി. രാജി ജോസഫ് | ” | 9544928346 |
| 62. ശ്രീമതി. സബിത ടി.എം. | ” | 9562125479 |
| 63, ശ്രീ. ബിജോയി റ്റി.പി | ഡ്രൈവർ | 9447568637 |
| 64. ശ്രീ. ജയചന്ദ്രൻ എ.എൻ. | റോളർ ഡ്രൈവർ | 9446201077 |
| 65. ശ്രീമതി. രജനി ഇ.എ. | വ്യവസായ വികസന ഓഫീസർ | 8547890938 |
| 66. ശ്രീമതി. ജിഞ്ചു റാണി മാത്യു | AUEGS അക്കൗണ്ടന്റ് | 9497224818 |
| 67. കുമാരി. റിയ സജി | AUEGS ഓവർസിയർ | 8113836536 |
| 68. ശ്രീമതി. ഗായത്രി എൻ. | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 9495105689 |
| 69. ശ്രീമതി. രഞ്ജിനി പ്രദീപ് | NULM | 9497655890 |
| 70. ശ്രീ ഷൈജു ജോസഫ് | NULM | 9497655890 |
| 71. ശ്രീമതി ബോബി ജേക്കബ് | PMAY | 9446322062 |
| 72. ശ്രീ ഉമേഷ് കുമാർ | PMAY | 9048090335 |
| 73. കുമാരി. ബിന്ദു ലിസ്സ് മാത്യു | അക്കൗണ്ട്സ് ട്രെയിനി | 8606114258 |
| 74. കുമാരി റോസിൻ ടോം | പ്ലാനിംഗ് സെൽ | 9400183961 |
| 75. ശ്രീ. ഹരിലാൽ എ.കെ. | എസ്.സി. പ്രമോട്ടർ | 9846845714 |
| 76. ശ്രീമതി. മഞ്ജു സി.കെ. | എസ്.സി. പ്രമോട്ടർ | 9946145096 |

# പാലാ നഗരസഭയും കൈമാറ്റം ചെയ്യപ്പെട്ടു കിട്ടിയ സ്ഥാപനങ്ങളും (രേഖ പ്രസിദ്ധീകരിക്കുമ്പോൾ)

ഇംപ്ളിമെന്റിംഗ് ഓഫീസേഴ്സ് - സെക്രട്ടറി, അസി. എക്സി. എൻജിനീയർ, അസി. എൻജിനീയർ, ഹെൽത്ത് സൂപ്പർവൈസർ

**കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾ**

| | | |
|---|---|---|
| ഹോമിയോ ആശുപത്രി | - | പാലാ 200384 |
| വെറ്റിനറി പോളി ക്ളിനിക് - ഫോൺ - 215193 | - | പാലാ |
| കൃഷിഭവൻ - ഫോൺ - 9496000878 | - | പാലാ |
| ഐ.സി.ഡി.എസ്. ഓഫീസ് ളാലം | - | പാലാ |
| പട്ടികജാതി വികസന ഓഫീസ് | - | പാലാ |
| പ്രിമെട്രിക് ഹോസ്റ്റൽ | - | പാലാ |
| ആയുർവേദ ആശുപത്രി | - | പാലാ |
| വ്യവസായ വികസന ഓഫീസ് | - | പാലാ |
| ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് | - | പാലാ |
| ജനറൽ ആശുപത്രി പാലാ | - | പാലാ |

**സ്കൂളുകൾ**

ഗവ. ഹൈസ്കൂൾ പാലാ

ഗവ. എൽ.പി.എസ്. പാലാ സൗത്ത്

ഗവ. എൽ.പി.എസ്. അരുണാപുരം

ഗവ. എൽ.പി.എസ്. മുണ്ടുപാലം

അംഗൻവാടികൾ എണ്ണം - 25

## നഗരസഭ ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ

1. റോഡുകൾ
   - ടാർ ചെയ്തത് - 112.91 കി.മി
   - മെറ്റൽ ചെയ്തത് - 5 കി.മി.
   - എർത്തേൺ റോഡ് 3 കി.മി.
   - മറ്റുള്ളവ - 2.50 കി.മി.
2. പൊതുടാപ്പുകൾ - 57 എണ്ണം
3. തെരുവുവിളക്കുകൾ - 2654 എണ്ണം
4. ലൈബ്രറി
5. മുനിസിപ്പൽ പാർക്ക്
6. മുനി. ഓഫീസ് കോംപ്ലക്സ്
7. മുനി. സ്റ്റേഡിയം
8. കൊട്ടാരമറ്റം & തെക്കേക്കര ഷോപ്പിംഗ് കോംപ്ലക്സുകൾ
9. വിശ്രമസങ്കേത് കെട്ടിടം
10. മാർക്കറ്റ് ക്ലോംപ്ലക്സ്
11. പന്ത്രണ്ടാം മൈൽ ചിൽഡ്രൻസ് പാർക്ക്
12. മൂന്നാനി ഷോപ്പിംഗ് കോംപ്ലക്സ്

## പാലാ മുനിസിപ്പാലിറ്റിയിൽ താമസിക്കുന്ന പൗരന്മാർക്ക് സമയബന്ധിതമായി ലഭ്യമാക്കുന്ന സേവനങ്ങൾ

| | ലഭ്യമാക്കുന്ന സേവനങ്ങളുടെ വിവരണം | അപേക്ഷകർ പാലിക്കേണ്ടനിബന്ധനകൾ | സേവനം ലഭിക്കുന്ന സമയപരിധി | ഫീസ് |
|---|---|---|---|---|
| 1 | കെട്ടിട ഉടമാവകാശ സർട്ടിഫിക്കറ്റ് | വെള്ള കടലാസ്സിൽ അഞ്ച് രൂപാ കോടതി മുദ്രപതിച്ച്നികുതി കുടിശികയുണ്ടെങ്കിൽ അടച്ചു തീർത്ത് മുനിസിപ്പൽ സെക്രട്ടറിക്ക് സമർപ്പിക്കുക | 5 ദിവസം | 15 രൂപ |
| 2 | റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് | വെള്ളകടലാസ്സിൽ കെട്ടിടനമ്പർ രേഖപ്പെടുത്തിക്കൊണ്ടുള്ള അപേക്ഷ അഞ്ച് രൂപ കോടതി മുദ്ര പതിപ്പിച്ച് മുനിസിപ്പൽ സെക്രട്ടറിക്ക് സമർപ്പിക്കണം. വാടകയ്ക്കു താമസിക്കുന്നവരാണെങ്കിൽ വാടകച്ചീട്ടിന്റെ പകർപ്പ് കൂടി നൽകണം. (അല്ലെങ്കിൽ ഉടമയുടെ സമ്മതപത്രം ഹാജരാക്കണം) | 5 ദിവസം | 15 രൂപ |
| 3 | പുതിയ കെട്ടിടത്തിന് നമ്പർ നൽകി അസ്സസ്സ് ചെയ്ത് നികുതി ചുമത്തുന്നതിന് | കെട്ടിട നിർമ്മാണം പൂർത്തിയാക്കുകയോ, താമസ്സം തുടങ്ങുകയോ ചെയ്താൽ 15 ദിവസത്തിനകം കംപ്ളീഷൻപ്ലാൻ, ഒക്യുപ്പേഷൻ സർട്ടിഫിക്കറ്റ്, വസ്തു നികുതി റിട്ടേൺ എന്നിവ സഹിതം അപേക്ഷിക്കുക | 15 ദിവസം | ഇല്ല |
| 4. | കെട്ടിട ഉടമാവകാശം (ജമമാറ്റം) | നിശ്ചിത ഫോറത്തിലുള്ള അപേക്ഷയിൽ അഞ്ച് രൂപ കോടതിമുദ്ര പതിക്കണം. (അസ്സൽ ആധാരം പരിശോധിച്ച് ഉടൻ തിരിച്ചു നൽകും.) അതിന്റെ പകർപ്പ്, രജിസ്ട്രാറാഫീസിൽ നിന്ന് ലഭിച്ച പോക്കുവരവ്, വില്ലേജാഫീസിൽ കരം ഒടുക്കിയ രസീത്, വീടിന്റെ കരം ഒടുക്കിയ രസീത് എന്നിവ സഹിതം മുനിസിപ്പൽ സെക്രട്ടറിക്ക് സമർപ്പിക്കണം. (കാലതാമസത്തിന് നിയമാനുസൃതമായ പിഴ അടയ്ക്കണം) | 15 ദിവസം | കാല താമസം വന്നിട്ടുണ്ടെങ്കിൽ പിഴ ഒടുക്കണം |
| 5 | കെട്ടിടത്തിന്റെ ഏജ് സർട്ടിഫിക്കറ്റ് | വാർഡും വീട്ടു നമ്പരും സൂചിപ്പിച്ച് എഴുതിയ അപേക്ഷ അഞ്ച് രൂപ കോടതി മുദ്ര പതിച്ച് മുനിസിപ്പൽ സെക്രട്ടറിക്ക് സമർപ്പിക്കണം. അപേക്ഷിക്കുന്നതു വരെയുള്ള നികുതി ഒടുക്കിയിരിക്കണം | 15 ദിവസം | മിനിമം 65/-രൂപ |
| 6 | നികുതി ചുമത്തിയതിനെതിരെയുള്ള അപ്പീൽ | വെള്ളക്കടലാസ്സിൽ എഴുതിയ അപേക്ഷ സെക്രട്ടറിയുടെ ഡിമാന്റ് നോട്ടീസ് ലഭിച്ച് 30 ദിവസത്തിനകം ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി മുൻപാകെ അപ്പീൽ നൽകാവുന്നതാണ്. അപ്പീൽ നൽകപ്പെടുന്ന അർദ്ധവർഷ അവസാനം വരെയുള്ള വസ്തുനികുതി ഒടുക്കിയിരിക്കേണ്ടതും തെളിവ് അപ്പീൽ ഹർജിയോടൊപ്പം ഹാജരാക്കേണ്ടതുമാണ്. | 30 ദിവസം | ഫീസ് ഇല്ല |

| | | | | |
|---|---|---|---|---|
| 7. | വിമുക്തഭടന്മാരുടെ വാസ ഗൃഹത്തിന് നികുതി ഒഴിവ് | വിമുക്തഭടന്റെയോ/ഭാര്യയുടെയോ ഉടമസ്ഥതയിലുള്ളതും സ്വന്തം താമസത്തിനു പയോഗിക്കുന്നതുമായ 2000 സ്കയർ ഫീറ്റ് വരെയുള്ള ഒരു വാസഗൃഹത്തിന് നികുതി യിളവുലഭിയ്ക്കുന്നതിന് എല്ലാ സാമ്പത്തിക വർഷാരംഭത്തിലെയും മാർച്ച് 31 നകം ആവശ്യമായ രേഖകൾ സഹിതം ഓരോ വർഷവും അഞ്ചുരൂപാ കോർട്ട്ഫീ സ്റ്റാമ്പൊട്ടിച്ച് അപേക്ഷ സമർപ്പിക്കണം. ആവശ്യമായ രേഖ ഡിസ്ചാർജ്ജ് സർട്ടിഫിക്കറ്റിന്റെ പകർപ്പും, സത്യവാങ്മൂലവും | | ഇല്ല |
| 8 | വ്യാപാര സ്ഥാപനങ്ങൾ ക്കുള്ള ലൈസൻസ് (ഡി& ഒ) ലൈസൻസ് | നിശ്ചിത ഫോറത്തിലുള്ള അപേക്ഷ, സ്ഥാപനത്തിന്റെ കെട്ടിട ഉടമയുടെ 500/-രൂപ മുദ്രപ്പത്രത്തിലുള്ള സമ്മതപത്രം സഹിതം അഞ്ച് രൂപയുടെ കോർട്ട് ഫീ പതിച്ച് സ്ഥാപനം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പ് മുനിസിപ്പൽ സെക്രട്ടറിക്ക് സമർപ്പിക്കണം | 30 ദിവസം | നിശ്ചിത നിരക്കിൽ |
| 9. | വ്യവസായ സ്ഥാപനത്തി നുള്ള ലൈസൻസ് | നിശ്ചിത ഫോറത്തിലുള്ള അപേക്ഷ സ്ഥാപനം ആരംഭിക്കാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ സ്ഥാപനത്തിന്റെ ഉടമസ്ഥത തെളിയിക്കുന്ന തിനുള്ള രേഖ, സ്ഥലത്തിന്റെയും കെട്ടിടത്തി ന്റെയും അംഗീകൃത പ്ളാൻ, ഗ്രീൻചാനൽ ക്ളിയറൻസ് സർട്ടിഫിക്കറ്റുണ്ടെങ്കിൽ 2 കോപ്പികൾ വീതം, അല്ലെങ്കിൽ 3 കോപ്പികൾ വീതം അഞ്ച് രൂപ കോടതി മുദ്ര പതിച്ച് 100 മീറ്റർ ചുറ്റളവിലുള്ള സൈറ്റ് പ്ളാൻ താമസക്കാരിൽ നിന്നുള്ള നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് സഹിതം മുനിസിപ്പൽ സെക്രട്ടറിക്ക് സമർപ്പിക്കണം. | 45 ദിവസം | നിശ്ചിത നിരക്കിൽ |
| 10 | പട്ടികൾക്കും പന്നികൾക്കു മുള്ള ലൈസൻസ് | വെള്ളപേപ്പറിൽ ഉടമസ്ഥന്റെ അപേക്ഷ അഞ്ച് രൂപ കോടതിമുദ്ര പതിച്ച് പ്രതിരോധ കുത്തി വയ്പ് നടത്തിയതിന് വെറ്റിനറി സർജൻ നൽകിയ സർട്ടിഫിക്കറ്റ് സഹിതം മുനിസിപ്പൽ സെക്രട്ടറിക്ക് സമർപ്പിക്കണം. | 7 ദിവസം | പട്ടി- 5 രൂപ, പന്നി 10 രൂപ |
| 11 | സ്വകാര്യ ആശുപത്രി കൾക്കും പാരാമെഡിക്കൽ സ്ഥാപനങ്ങൾക്കുമുള്ള രജിസ്ട്രേഷൻ | നിശ്ചിതഫോറത്തിലുള്ള അപേക്ഷ അഞ്ച് രൂപ കോടതി മുദ്ര പതിച്ച് സ്ഥാപനം നടത്താ നുദ്ദേശിക്കുന്ന സ്ഥലത്തിന്റെ ഉടമസ്ഥത തെളിയിക്കുന്നതിനുള്ള രേഖ സഹിതം സ്ഥാപനം ആരംഭിക്കുന്നതിന് 15 ദിവസത്തിനു മുമ്പ് സെക്രട്ടറിക്ക് സമർപ്പിക്കണം. | 30 ദിവസം | 315 രൂപ |
| 12 | സ്വകാര്യആശുപത്രികളു ടെയും പാരാ മെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ പുതുക്കൽ | നിശ്ചിത ഫോറത്തിലുള്ള അപേക്ഷ സ്ഥലത്തിന്റെ ഉടമസ്ഥത തെളിയിക്കുന്ന തിനുള്ള രേഖ സഹിതം അഞ്ച് രൂപ കോടതി മുദ്ര പതിപ്പിച്ച് സാമ്പത്തിക വർഷം ആരംഭി ക്കുന്നതിന് 15 ദിവസത്തിനു മുമ്പ് സെക്രട്ടറിക്ക് സമർപ്പിക്കണം. | 5 ദിവസം | 105 രൂപ |

| | | | | |
|---|---|---|---|---|
| 13 | ഡി & ഒ ലൈസൻസ് പുതുക്കൽ | ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷകൾ, നഗരസഭയ്ക്ക് ഒടുക്കേണ്ട എല്ലാവിധ നികുതികളും കുടിശികരഹിത മാക്കിയശേഷം ഏപ്രിൽ 1-ാം തീയതിക്ക് മുപ്പതു ദിവസം മുമ്പായി | 15 ദിവസം | നിശ്ചിത നിരക്കിര |
| 14 | ട്യൂട്ടോറിയൽ സ്ഥാപന ങ്ങളുടെ രജിസ്ട്രേഷൻ | നിശ്ചിത ഫോറത്തിലുള്ള അപേക്ഷ സ്ഥാപനത്തിന്റെ ഉടമസ്ഥത തെളിയിക്കുന്ന തിനുള്ള രേഖ സഹിതം അഞ്ച് രൂപ കോടതി മുദ്ര പതിപ്പിച്ച് സ്ഥാപനം ആരംഭിക്കുന്നതിന് 15 ദിവസത്തിനു മുമ്പ് സെക്രട്ടറിക്ക് സമർപ്പിക്കണം. | 15 ദിവസം | 315 രൂപ |
| 15 | ട്യൂട്ടോറിയൽ സ്ഥാപനങ്ങ ളുടെ രജിസ്ട്രേഷൻ പുതുക്കൽ | നിശ്ചിത ഫോറത്തിലുള്ള അപേക്ഷ സ്ഥാപനത്തിന്റെ ഉടമസ്ഥത തെളിയിക്കുന്ന തിനുള്ള രേഖസഹിതം അഞ്ച് രൂപ കോടതി മുദ്ര പതിപ്പിച്ച് സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് 15 ദിവസത്തിനു മുമ്പ് സെക്രട്ടറിക്ക് സമർപ്പിക്കണം. | 5 ദിവസം | 105 രൂപ |
| 16 | റിക്കാർഡുകളുടെയും രജിസ്റ്ററുകളുടെയും പകർപ്പ് | വെള്ളക്കടലാസിൽ എഴുതിയ അപേക്ഷ ആവശ്യക്കാരന്റെ പേരും പൂർണ്ണ മേൽവിലാസവും രേഖപ്പെടുത്തി ആവശ്യ പ്പെടുന്ന റിക്കാർഡിന്റെ കഴിയുന്നത്ര ശരിയായ വിവരങ്ങൾ രേഖപ്പെടുത്തി അഞ്ച് രൂപ കോടതി മുദ്ര പതിച്ച് മുനിസിപ്പൽ സെക്രട്ടറിക്ക് സമർപ്പിക്കണം. | 5 ദിവസം | നിശ്ചിത നിരക്കിര |
| 17 | ജനനം, മരണം നിർജ്ജീവ ജനനം രജിസ്റ്റർ ചെയ്യൽ | വീട്ടിൽ വച്ചു നടക്കുന്ന ജനന മരണങ്ങളുടെ കാര്യത്തിൽ സംഭവ സമയത്ത് വീട്ടിൽ (താമസമുള്ളവരായാലും അല്ലെങ്കിലും) ഹാജരുള്ള മുതിർന്ന (18 വയസ്സ് പൂർത്തിയായ) കുടുംബാംഗം 21 ദിവസങ്ങൾക്കകം ലോക്കൽ രജിസ്ട്രാർക്ക് നിശ്ചിത ഫോറത്തിൽ വിവരം റിപ്പോർട്ട് ചെയ്യേതാണ്. | 7 ദിവസം | ഇല്ല |
| 18 | അറിയിക്കാൻ താമസി ക്കുന്ന ജനനമരണങ്ങളുടെ രജിസ്ട്രേഷൻ | **നിശ്ചിത സമയപരിധിക്കകം റിപ്പോർട്ട് ചെയ്യാത്ത സംഭവങ്ങൾ**<br>1) 30 ദിവസം വരെ ലോക്കൽ രജിസ്ട്രാർ മുനിസിപ്പൽ എച്ച്.ഐ. പ്രത്യേകാനുമതി യോടെ (12-ാം വകുപ്പ് പ്രകാരം സർട്ടിഫിക്കറ്റിനർഹതയില്ല) | | 2 രൂപ |

| | | | | |
|---|---|---|---|---|
| | | 2) ഒരു വർഷം വരെ ജില്ലാ രജിസ്ട്രാറുടെ പ്രത്യേക അനുമതിയോടെ (12-ാം വകുപ്പ് പ്രകാരം സർട്ടിഫിക്കറ്റിനർഹതയില്ല) | | 5 രൂപ ലേറ്റ് ഫീസ് |
| | | 3) ഒരു വർഷത്തിനുമേൽ താമസം നേരിട്ടത് റവന്യൂഡിവിഷൻ ആഫീസറുടെ അനുമതിയോടെ അപേക്ഷിക്കണം. 12-ാം വകുപ്പ് പ്രകാരം സർട്ടിഫിക്കറ്റിനർഹതയില്ല. | | 10 രൂപ ലേറ്റ് ഫീസ് |
| 19. | ജനനമരണ സർട്ടിഫിക്കറ്റുകൾ (ജനനമരണ രജിസ്ട്രേഷൻആക്ട് 17 പ്രകാരം) | നിശ്ചിത അപേക്ഷാഫോറത്തിൽ അഞ്ച് രൂപയുടെ കോടതി മുദ്ര പതിച്ച് 50 രൂപാ മുദ്രപ്പത്രംജനന-മരണ-രജിസ്ട്രാർ (ഹെൽത്ത് ഇൻസ്പെക്ടർ)ക്ക് സമർപ്പിക്കുക. പേര് ചേർക്കൽ ഉൾപ്പെടെ. | 7 ദിവസത്തിനകം സർട്ടിഫിക്കറ്റ് ലഭിക്കുന്നതാണ്. | ഫാറ വില- 18 രൂപ സെർച്ച് ഫീസ് -5 രൂ. |
| 20. | ജനന മരണ രജിസ്ട്രേഷൻ ആക്ടിലെ 14-ാം വകുപ്പ് പ്രകാരം കുട്ടിയുടെ പേര് ചേർക്കൽ | 6 വയസ്സു വരെയുള്ള കുട്ടികൾക്ക് നിശ്ചിത ഫോറത്തിലുള്ള അപേക്ഷ കുട്ടിയുടെ അച്ഛനും, അമ്മയും കൂട്ടായി ഒപ്പിട്ട് ലോക്കൽ രജിസ്ട്രാർക്ക് (മുനിസിപ്പൽ ഹെൽത്ത് ഇൻസ്പെക്ടർ) മാതാപിതാക്കളുടെ തിരിച്ചറിയൽ രേഖകൾ സഹിതം സമർപ്പിക്കണം. (രജിസ്റ്റർ ചെയ്ത തീയതി മുതൽ 12 മാസം വരെ) 6 വയസ്സ് കഴിഞ്ഞാൽ സ്കൂൾ റിക്കാർഡിന്റെ പകർപ്പും ഫീസും നൽകണം.<br><br>ജനന സർട്ടിഫിക്കറ്റ് 1 വയസ്സിനകം<br><br>ജനനസർട്ടിഫിക്കറ്റ് 1 വയസ്സിനുശേഷം | 7 ദിവസം | സർട്ടിഫിക്കറ്റ് ഫീസ്<br><br>ഫാറ വില 18/- രൂപ<br><br>-5 രൂപ<br><br>10 രൂപാ. തെരച്ചിൽ ഫീസ് 2 രൂപ. |

| | | | | |
|---|---|---|---|---|
| 21. | ജനനം-മരണം രജിസ്റ്റർ ചെയ്തിട്ടില്ല എന്നു കാണിക്കുന്ന സർട്ടിഫിക്കറ്റ് | വെള്ളക്കടലാസ്സിലുള്ള അപേക്ഷ അഞ്ച് രൂപയുടെ കോടതി മുദ്ര പതിച്ച് ലോക്കൽ രജിസ്ട്രാർക്ക് (മുനിസിപ്പൽ ഹെൽത്ത് ഇൻസ്പെക്ടർ) സമർപ്പിക്കണം (സർട്ടിഫിക്കറ്റ് പുതുതായി രജിസ്റ്റർ ചെയ്യുന്നതിനു മാത്രം) മുനിസിപ്പൽ അതിർത്തിക്കുള്ളിൽ വച്ച് നടന്ന ജനനമരണങ്ങൾ പുതുതായി രജിസ്റ്റർ ചെയ്യുന്നതിന് സ്കൂൾ രേഖ, തിരിച്ചറിയൽ രേഖകൾ, നോട്ടറി അഫിഡവിറ്റ്, 2 വിശ്വസ്ത വ്യക്തികളുടെ സാക്ഷ്യപത്രം, ലഭ്യമാണെങ്കിൽ മാമ്മോദീസ എന്നിവ ഹാജരാക്കേണ്ടതാണ്. | | 2 രൂപ, 2 രൂപാ തിരച്ചിൽ ഫീസ് ഓരോ വർഷത്തേക്കും |
| 22. | ജനനം - മരണം രജിസ്റ്ററിൽ തിരുത്തൽ വരുത്തൽ | വെള്ളക്കടലാസിൽ തിരുത്തലാവശ്യപ്പെടുന്നതിന്റെ വിശദവിവരം രേഖപ്പെടുത്തിയ അപേക്ഷ അറിവിലേക്ക് അധികാരികളുടെ സാക്ഷ്യപത്രം സഹിതം അഞ്ച് രൂപയുടെ കോടതി മുദ്ര പതിച്ച് ലോക്കൽ രജിസ്ട്രാർക്ക് (മുനിസിപ്പൽ ഹെൽത്ത് ഇൻസ്പെക്ടർ) ക്ക് സമർപ്പിക്കണം. ബന്ധപ്പെട്ട ലോക്കൽ രജിസ്ട്രാറുടെ തിരിച്ചറിയൽ സർട്ടിഫിക്കറ്റും ആശുപത്രി മേധാവിയുടെ സർട്ടിഫിക്കറ്റും വില്ലേജ് ആഫീസറുടെ സാക്ഷ്യപത്രവും സ്കൂൾ രേഖയും ഹാജരാക്കണം. തിരുത്തൽ വരുത്തേണ്ട വ്യക്തിയുടെ സ്കൂൾ രേഖകൾ ഹാജരാക്കണം. ഗസറ്റഡ് ഉദ്യോഗസ്ഥർ/വിശ്വസ്തനീയ വ്യക്തികൾ എന്നിവരുടെ സാക്ഷ്യപത്രം ഉൾപ്പെടെ | 7 ദിവസം | മുദ്രപത്രം -50/-രൂപ സർട്ടിഫിക്കറ്റ് ഫീ-5/- രൂപ തിരച്ചിൽ ഫീ-2/- രൂപാ (കുട്ടിയുടെ പേര് തിരുത്തുന്നതിന് 55 രൂപാ) |
| 23. | വിവാഹ സർട്ടിഫിക്കറ്റ് | വെള്ളക്കടലാസിൽ എഴുതിയ അപേക്ഷ കൂടാതെ ഫോറം നം 1 ലുള്ള മെമ്മോറാണ്ടം പൂരിപ്പിച്ച് നൽകണം. വധൂവരന്മാരുടെ പേര്, വിവാഹ തീയതി, രജിസ്റ്റർ ചെയ്ത തീയതി എന്നിവ രേഖപ്പെടുത്തി അഞ്ച് രൂപയുടെ കോടതി മുദ്ര പതിച്ച് വിവാഹ രജിസ്ട്രാർക്ക് സമർപ്പിക്കണം. 2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ പ്രകാരം മുനിസിപ്പൽ അതിർത്തിക്കുള്ളിൽ നടക്കുന്ന മതാചാര പ്രകാരമുള്ള വിവാഹങ്ങൾ 45 ദിവസത്തിനുള്ളിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. | 3 ദിവസം | 45 ദിവസം വരെ 120 രൂപ. 45 ദിവസത്തിനു ശേഷം 5 വർഷം വരെ 220 രൂപ. 5 വർഷത്തിനു ശേഷം 370 രൂപ. സർട്ടിഫിക്കറ്റ് ഫീസ് 25 രൂപ |
| 24 | അപായകരമായ വൃക്ഷങ്ങളുടെ കാര്യത്തിൽ മുൻകരുതൽ നടപടി | വെള്ളക്കടലാസിൽ എഴുതിയ അപേക്ഷ അപകടകരമായി സ്ഥിതി ചെയ്യുന്ന വൃക്ഷങ്ങളുടെ വിവരണം, സ്ഥലത്തിന്റെ സർവ്വേ നമ്പർ, ഉടമയുടെ പേരും വിലാസവും എന്നിവ രേഖപ്പെടുത്തി മുനിസിപ്പ സെക്രട്ടറിക്ക് സമർപ്പിക്കണം. (പരാതിക്കാരന്റെ വ്യക്തമായ പേരും മേൽവിലാസവും അപേക്ഷയിൽ കാണിച്ചിരിക്കണം) | 30 ദിവസം | ഇല്ല |

| | | | | |
|---|---|---|---|---|
| 25 | പരസ്യബോർഡുകളും കമാനങ്ങളും സ്ഥാപിക്കുന്നതിന് | പരസ്യബോർഡോ, കമാനമോ, പൊതുതെരുവിലോ, റോഡിലോ, പൊതു സ്ഥലത്തോസ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന യാതൊരാളും പരസ്യ ബോർഡിന്റെ വിശദവിവരം കാണിക്കുന്ന പ്ളാൻ സഹിതം നഗരസഭാ സെക്രട്ടറിക്ക് അപേക്ഷിക്കേണ്ടതും നിശ്ചിത ഫീസ് ഒടുക്കേണ്ടതുമാണ്. | 7 ദിവസം | നിശ്ചിത നിരക്കിൽ |
| 26 | കെട്ടിട നിർമ്മാണ പെർമിറ്റ് | സങ്കേതം സോഫ്റ്റ് വെയർ ഉപയോഗിച്ച് ഓൺലൈൻ വഴി അപേക്ഷിക്കണം. | 30 ദിവസം | നിശ്ചിത നിരക്കിൽ |
| 27. | പൊളിച്ചു മാറ്റിയ കെട്ടിടത്തിന് നികുതി ഒഴിവാക്കൽ | കെട്ടിട നമ്പർ കാണിച്ച് അപേക്ഷിക്കുന്ന സമയംവരെയുള്ള കുടിശിക ഒടുക്കി വെള്ളക്കടലാസിൽ സെക്രട്ടറിക്ക് അപേക്ഷ നൽകുക. | 7 ദിവസം | ഇല്ല |
| 28 | ഒഴിഞ്ഞു കിടക്കുന്നതു മൂലം വസ്തു നികുതി നൽകുന്നതിൽ നിന്നും ഇളവ് ചെയ്യൽ | കെട്ടിട നമ്പർ കാണിച്ച് അർദ്ധ വാർഷികത്തിലോ തുടർന്നുള്ള അർദ്ധ വർഷത്തിലോ ഒരു പ്രത്യേക തീയതി മുതൽ കെട്ടിടം ഒഴിയുകയും വാടകക്ക് കൊടുക്കാതിരിക്കുകയും ചെയ്യുമെന്ന് അർദ്ധവർഷം ആരംഭിക്കുന്നതിനു മുമ്പ് സെക്രട്ടറിക്ക് മുൻകൂട്ടി നോട്ടീസ് നൽകണം. നോട്ടീസിന്റെ കാലാവധി ഒരു അർദ്ധവർഷത്തോടുകൂടി അവസാനിക്കുന്നതാണ്. അപേക്ഷിക്കുന്ന സമയം വരെയുള്ള കുടിശിക നികുതി ഒടുക്കി കെട്ടിട നമ്പർ സഹിതം സെക്രട്ടറിക്ക് വിവരം കാണിച്ചു വെള്ളപ്പേപ്പറിൽ അഞ്ച് രൂപ കോർട്ട് ഫീ സ്റ്റാമ്പ് ഒട്ടിച്ച് അപേക്ഷിക്കുക. | | പരിശോധനാ ഫീസ് നിശ്ചിത നിരക്കിൽ |
| 29. | തൊഴിൽ നികുതി വർദ്ധിപ്പിക്കുന്നതിന്മേലുള്ള അപ്പീൽ | നികുതി സംബന്ധമായ ബില്ലു കിട്ടി 30 ദിവസത്തിനകം അടയ്ക്കുക. പരാതിയില്ലെങ്കിൽ മുൻ അർദ്ധവർഷത്തെ നിരക്കിൽ നികുതി അടച്ച് 15 ദിവസത്തിനകം റിവിഷൻ പെറ്റീഷൻ അഞ്ച് രൂപ കോർട്ടുഫീ സ്റ്റാമ്പ് പതിച്ച് സെക്രട്ടറിക്ക് നൽകുക. | 15 ദിവസം | ഇല്ല. |

| | | | | |
|---|---|---|---|---|
| 30. | ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങൾക്കു നൽകുന്ന സർട്ടിഫിക്കറ്റ് | കെട്ടിട നമ്പരും ബി.പി.എൽ. ലിസ്റ്റിലെ നമ്പരും കാണിച്ച് അപേക്ഷിക്കുക. | 15 ദിവസം | ഇല്ല |
| 31. | ആംബുലൻസ് സേവനം ലഭിക്കുന്നതിന് | ആംബുലൻസ് ആവശ്യമുള്ളവർ സെക്രട്ടറിക്ക് നേരിട്ട് അപേക്ഷ നൽകുക | വാഹനത്തിന്റെ ലഭ്യത അനുസരിച്ച് | നിശ്ചിത നിരക്ക് |
| 32. | മുനിസിപ്പൽ ലൈബ്രറി | വാർഡ് കൗൺസിലറുടെ ശുപാർശയോടെ ലൈബ്രേറിയന് അപേക്ഷ നൽകുക | തിങ്കൾ ഒഴികെ എല്ലാ പ്രവൃത്തി ദിവസവും ലൈബ്രറി പ്രവർത്തനം | പ്രവേശന ഫീസ് മാസവരി |

## നഗരസഭ മുഖേന ലഭിക്കുന്ന സഹായ പദ്ധതികൾ

| | | | | |
|---|---|---|---|---|
| 1 | വാർദ്ധക്യകാല പെൻഷൻ (പ്രതിമാസം 1200 രൂപ) 76 വയസ്സിനു മുകളിൽ 1500 രൂപ | അപേക്ഷകന് 60 വയസ്സ് പൂർത്തിയായിരിക്കണം. ഒരു ലക്ഷത്തിൽ കവിയാത്ത വാർഷിക വരുമാനമുള്ള എ.പി.എൽ, ബി.പി.എൽ. കുടുംബാംഗമായിരിക്കണം. വരുമാനം തെളിയിക്കുന്ന വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റും, റേഷൻ കാർഡിന്റെ പകർപ്പും, ആധാർകാർഡ് ബാങ്ക് പാസ്സ്ബുക്കിന്റെ പകർപ്പ് തിരിച്ചറിയൽ കാർഡിന്റെ പകർപ്പും സഹിതം, വാർഡ് കൗൺസിലറുടെ ശുപാർശയോടെ അപേക്ഷയുടെ 2 കോപ്പികൾ ഹാജരാക്കണം. | | |
| 2 | വിധവാപെൻഷൻ (പ്രതിമാസം 1200 രൂപ) | ഒരു ലക്ഷത്തിൽ കവിയാത്ത വാർഷിക വരുമാനമുള്ള എ.പി.എൽ, ബി.പി.എൽ. കുടുംബാംഗമായിരിക്കണം. വിധവകൾ വരുമാനം തെളിയിക്കുന്ന വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റും, ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റും, റേഷൻ കാർഡിന്റെ പകർപ്പും, ആധാർകാർഡ് ബാങ്ക് പാസ്സ്ബുക്കിന്റെ പകർപ്പ് തിരിച്ചറിയൽ കാർഡിന്റെപകർപ്പും സഹിതം വാർഡ് കൗൺസിലറുടെ ശുപാർശ യോടെ അപേക്ഷിക്കണം. അപേക്ഷയുടെ 2 കോപ്പികൾ ഹാജരാക്കണം. | | |
| 3 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ (വികലാംഗർ, അംഗവൈകല്യം സംഭവിച്ചവർ, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർ) 80%ന് താഴെ വൈകല്യമുള്ളവർക്ക് 1200 രൂപ നിരക്കിലും 80% ന് മുകളിൽ വൈകല്യമുള്ളവർക്ക് 1500 രൂപ നിരക്കിലും | ഒരു ലക്ഷത്തിൽ കവിയാത്ത വാർഷിക വരുമാനമുള്ളവർക്ക് ഈ ആനുകൂല്യം ലഭിക്കും. 40% കൂടുതൽ അംഗവൈകല്യമുള്ളവർ മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തിയ പകർപ്പും വരുമാനം തെളിയിക്കുന്ന വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റും, റേഷൻ കാർഡിന്റെ പകർപ്പും, ആധാർകാർഡ് ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പ് തിരിച്ചറിയ കാർഡിന്റെ പകർപ്പും സഹിതം വാർഡ് കൗൺസിലറുടെ ശുപാർശയോടെ അപേക്ഷയുടെ 2 കോപ്പികൾ ഹാജരാക്കണം. | | |

| | | | | |
|---|---|---|---|---|
| 4. | കർഷക തൊഴിലാളി പെൻഷൻ (പ്രതിമാസം 1200 രൂപ) | കുടുംബവാർഷിക വരുമാനം 10,000/-രൂപയിൽ കുറവായതും പത്തു വർഷത്തിൽ കുറയാത്ത കാലയളവിൽ ഒരു ഭൂ ഉടമയുടെ കീഴിൽ പണിയെടുത്തിട്ടുള്ള 60 വയസ്സ് പൂർത്തിയായവരും ആയിരിക്കണം. കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗമായിരിക്കണം. തിരിച്ചറിയൽ കാർഡിന്റെ പകർപ്പും റേഷൻ കാർഡിന്റെ പകർപ്പും ആധാർകാർഡ് ബാങ്ക് പാസ്സ്ബുക്കിന്റെ പകർപ്പ് സഹിതം അപേക്ഷയുടെ 2 കോപ്പികൾ ഹാജരാക്കണം. | | |
| 5. | നിർദ്ധനരായ വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം (30,000/-രൂപാ) | വാർഷിക വരുമാനം 22375/-രൂപയിൽ കവിയാത്തവരായിരിക്കണം. ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റ്, പെൺകുട്ടിയുടെ പ്രായം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, റേഷൻ കാർഡ്, തിരിച്ചറിയൽ കാർഡ് എന്നിവയുടെ പകർപ്പു കളും, വിവാഹ ക്ഷണക്കത്തിന്റെ കോപ്പിയും, വിവാഹിതയാകുന്നയാളിന്റെ S.S.L.C. ബുക്കിന്റെ പകർപ്പ് ആധാർകാർഡ് ബാങ്ക് പാസ്സ്ബുക്കിന്റെ പകർപ്പ് സഹിതം കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷയുടെ 2 കോപ്പികൾ ഒരു മാസത്തിനു മുമ്പ് നൽകണം. വിവാഹ സർട്ടിഫിക്കറ്റ് പിന്നീട് ഹാജരാക്കണം. പുനർവിവാഹതനല്ല എന്നു വില്ലോജ് ആഫീസറുടെ സർട്ടിഫിക്കറ്റ്, കുടുംബവീതമോ മാതാവിന്റേയോ ഇഷ്ടദാനമായി പെൺകുട്ടി യുടെപേരിൽ ഉള്ള വസ്തു ആഭരണം, ധനം ഉൾപ്പെടെ 50000 രൂപയിൽ കൂടുതൽ ഇല്ല എന്നു തെളിയിക്കുന്ന സാക്ഷ്യപത്രം | | |
| 6. | 50 വയസ്സ് തികഞ്ഞ അവിവാഹിതകളായ സ്ത്രീകൾക്കുള്ള പെൻഷൻ (1200 രൂപ) | കുടുംബവാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയാത്തവരായിരിക്കണം. അവിവാഹിതയെന്നതിന് തഹസീൽദാരിൽ നിന്നുള്ള സർട്ടിഫിക്കറ്റ്, വരുമാനം തെളിയിക്കുന്ന വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റും, റേഷൻ കാർഡിന്റെ പകർപ്പും തിരിച്ചറിയൽ കാർഡിന്റെ പകർപ്പും ആധാർകാർഡ് ബാങ്ക് പാസ്സ്ബുക്കിന്റെ പകർപ്പ് സഹിതം വാർഡ് കൗൺസിലറുടെ ശുപാർശയോടെ അപേക്ഷയുടെ 2 കോപ്പികൾ ഹാജരാക്കണം. | | |
| 7. | തൊഴിലില്ലായ്മ വേതനം (പ്രതിമാസം 120 രൂപ) | കുടുംബ വാർഷിക വരുമാനം 12,000 രൂപയിൽ കവിയാത്തവരായിരിക്കണം. എസ്.എസ്.എൽ.സി. പാസ്സായവരും 21 വയസ്സ് പൂർത്തിയായവരും ആയിരിക്കണം. (പട്ടികജാതി പട്ടിക വർഗ്ഗക്കാർ പരീക്ഷ എഴുതിയാൽ മതിയാകും). എംപ്ളോയിമെന്റ് രജിസ്ട്രേഷൻ നടത്തി 3 വർഷം സീനിയോരിറ്റി ഉള്ളവരും മുടങ്ങാതെ | | |

| | | | | |
|---|---|---|---|---|
| | | പുതുക്കി വരുന്നവരും ആകണം. വിദ്യാർത്ഥിയാകാൻ പാടില്ല. 100 രൂപയിൽ കൂടുതൽ പ്രതിമാസ വരുമാനം അപേക്ഷകന് ഉണ്ടാകാനേ പാടില്ല. എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ്, എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ കാർഡ് എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം അപേക്ഷയുടെ 2 കോപ്പി നൽകണം. | | |
| 8. | പട്ടികജാതി ഉദ്യോഗാർത്ഥികൾക്ക് യാത്രാബത്ത | പി.എസ്സ്.സി./എംപ്ലോയിമെന്റ് എക്സ്ചേഞ്ച് നടത്തുന്ന പരീക്ഷകൾക്ക് ജാതി സർട്ടിഫിക്കറ്റും പരീക്ഷയിൽ പങ്കെടുത്തതായുള്ള സ്ഥാപന മേധാവിയുടെ സർട്ടിഫിക്കറ്റും സഹിതം വെള്ളപേപ്പറിലുള്ള അപേക്ഷ ഹാജരാക്കണം. | | |

## അറിയിപ്പ്

നഗരസഭയിൽ ഒടുക്കേണ്ട നികുതികൾ, ഫീസുകൾ എന്നിവ കുടിശിക ഇല്ലാത്തവർക്ക് മാത്രമേ നഗരസഭയിൽ നിന്നും ലഭിക്കുവാനുള്ള സേവനങ്ങൾ ലഭ്യമാകുകയുള്ളൂ. പൗരാവകാശ രേഖയുടെ പകർപ്പ് സൗജന്യമായി നഗരസഭയിൽ നിന്നും ലഭിക്കുന്നതാണ്.